(ഡി) സംസ്ഥാനത്ത് നിരവധി ബി.ടെക്ക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 2013-14 വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവച്ചിരുന്നു. എന്നാൽ 9-4-2013-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം പിൻവലിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് എ.ഐ.സി.റ്റി.ഇ.-യുടെയും ബന്ധപ്പെട്ട സർവ്വകലാശാലയുടേയും അനുമതി ലഭിയ്ക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിയ്ക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നതാണ്.

പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

139 (1195) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 50 വർഷത്തിലധികം പഴക്കമുള്ളതും ആകെ നാല് കോഴ്സുകൾ മാത്രമുള്ളതുമായ പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

വൈസ് ചാൻസലർമാരുടെ യോഗം

140 (1196) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായോ ; ഏതെല്ലാം സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly